കൈകൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

(ഡി) വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

പോലീസ് കംപ്ലയിന്റ് അതോറിറ്റി

11 (*11) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പോലീസിന്റെ പ്രവർത്തനത്തിന് ഉദ്ദേശിച്ച ഗുണപരമായ സംഭാവന നൽകാൻ പര്യാപ്തമല്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ നിയമവ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) കേരള പോലീസ് ആക്ടിന്റെ സെക്ഷൻ 110 പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം നിലവിൽ വന്ന ഈ അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ നിരവധി പരാതികൾ തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ അംഗങ്ങളായ ജില്ലാ കളക്ടറുടെയും ജില്ലാപോലീസ് മേധാവിയുടേയും ഔദ്യോഗിക ജോലിഭാരം കണക്കിലെടുത്ത് ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, രണ്ട് അംഗങ്ങളെക്കൂടി അധികമായി നിയമിക്കുന്നതിനായി കേരള പോലീസ് ആക്ട് 2011 ഭേദഗതി വരുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സർക്കാൻ സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതി

12 (*12) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര ഇറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ഉടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ കമ്പനിയുടെ കീഴിൽ വിഴിഞ്ഞം വിവിധോദ്ദേശ്യ അന്താരാഷ്ട്ര ഇറമുഖം യാഥാർത്ഥ്യമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാരിസ്ഥിതികാനുമതി : ഏതാണ്ട് രണ്ടു വർഷത്തോളം നീണ്ടുനിന്ന വിശദമായ പാരിസ്ഥിതികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി മൂന്നിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കി.

2. മാസ്റ്റർ പ്ലാൻ : ഇടത്തരം കപ്പൽ (9000 ടി.ഇ.യു.) അടുപ്പിക്കുന്നതിനുള്ള പഴയ മാസ്റ്റർ പ്ലാൻ 18,000 ടി.ഇ.യു. അടുപ്പിക്കുവാനുതകുന്ന തരത്തിൽ പരിഷ്കരിക്കുകയും 2013 മെയ് മാസം മാസ്റ്റർ പ്ലാനും ഡീറ്റയിൽസ് പ്രോജക്ട് റിപ്പോർട്ടും പൂർത്തീകരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly